(ബി) എങ്കിൽ എത്ര ശതമാനം കുറവ് വരുത്തി;

(സി) പ്രസ്തുത ആനുകൂല്യം വായ്പയെടുത്തവർക്കെല്ലാം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയതെപ്രകാരമാണ്;

(ഡി) പ്രസ്തുത വിവരം എല്ലാം സഹകരണ സ്ഥാപനങ്ങളുടെയും ഗ്രാമ പഞ്ചായത്തുകളുടെയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാനേർപ്പാടുണ്ടാക്കുമോ?

ഉത്തരം

(എ) കുറയ്ക്കുകയുണ്ടായി.

(ബി) സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾക്ക് മുമ്പ് ഉണ്ടായിരുന്ന നിരക്കിനേക്കാൾ നാലു ശതമാനം കുറവ് വരുത്തിയിട്ടുണ്ട്.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ സമ്മേളനത്തിലെ ശുപാർശകൾ കൂടി കണക്കിലെടുത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ നൽകി വരുന്ന വായ്പകളുടെ പരമാവധി പലിശ നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും നൽകിവരുന്നുണ്ട്. ആയത് പ്രകാരമുള്ള നിരക്കിലാണോ വായ്പ നൽകുന്നതെന്ന് വകുപ്പ് ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനയിലും ആഡിറ്റ് വേളയിലും പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.

(ഡി) പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ വഴി പ്രാഥമിക സംഘങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ പബ്ലിക് റിലേഷൻസ് ഡയറക്ടർ മുഖേന എല്ലാ മാദ്ധ്യമങ്ങൾ വഴിയും സഹകരണ വകുപ്പിന്റെയും സഹകരണ യൂണിയന്റെയും പ്രസിദ്ധീകരണങ്ങളായ സഹകരണ വീഥി, സഹകരണ ജേർണൽ എന്നിവ വഴിയും പരസ്യപ്പെടുത്തുന്നുണ്ട്.

കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ പലിശ നിരക്ക്

149 [3039] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഏതെല്ലാം തരത്തിലുള്ള വായ്പകൾ നൽകിവരുന്നു;

(ബി) പ്രസ്തുത വായ്പകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന പലിശ നിരക്കുകൾ തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകിവരുന്നു. സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് കാർഷിക വികസന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം വ്യവസായ സംരംഭങ്ങൾക്കും വാഹനങ്ങൾ വാങ്ങുന്നതിനും, ഭവന നിർമ്മാണത്തിനും വായ്പ ലഭ്യമാക്കുന്നു. കാർഷിക/വ്യവസായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളെ സഹായിക്കുന്നതിന് ലക്ഷ്യമിട്ട കുറഞ്ഞ പലിശ നിരക്കിൽ ക്രെഡിറ്റ് കാർഡ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ വായ്പയും നൽകിവരുന്നു.

(ബി) വായ്പകളുടെ പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

		പലിശ നിരക്ക്
(1)	സാധാരണ വായ്പ	
	50,000 രൂപ വരെ	9.5 %
	50,001 മുതൽ 2 ലക്ഷം വരെ	11.00 %
	2 ലക്ഷം രൂപയ്ക്ക് മുകളിൽ	11.5 %
(2)	കാർഷിക/കാർഷികാനുബന്ധ വായ്പ	
(എ)	25,000 രൂപ വരെ	8.5 %
(ബി)	25,001 മുതൽ 50,000 രൂപ വരെ	9.00 %
(സി) (1)	ജലസേചനം, മണ്ണ് സംരക്ഷണം, ഔഷധ സസ്യകൃഷി സ്വാശ്രയ സമിതി (എസ്.എച്ച്.ജി) തരിശ് ഭൂമിയുടെ വികസനം എൽഡി. എസ്.ജി.എസ്.വെ. യന്ത്രവൽക്കരണം മുതലായ ആവശ്യങ്ങൾക്ക് 50,000 രൂപ മുതൽ 20 ലക്ഷം രൂപ വരെ.	10 %
(2)	മറ്റ് ആവശ്യങ്ങൾക്ക് 50,001 രൂപ മുതൽ 2 ലക്ഷം രൂപ വരെ	10 %
(ഡി)	2 ലക്ഷം രൂപയ്ക്ക് മുകളിൽ 20 ലക്ഷം രൂപ വരെ (സി) (1)-ൽ വിവരിച്ചിട്ടില്ലാത്ത മറ്റ് കാർഷികാവശ്യങ്ങൾക്ക്	11 %
(ഇ)	അഗ്രി ക്ലിനിക്സ്, അഗ്രി ബിസിനസ് 20 ലക്ഷം രൂപ വരെ.	9.00 %
(3)	കാർഷികേതര വായ്പ	
	50,000 രൂപ വരെ	9.00%
	50,001 രൂപ മുതൽ 2 ലക്ഷം രൂപ വരെ	10 %
	2 ലക്ഷം രൂപയ്ക്ക് മുകളിൽ	11 %

LIBRARY ARCHIVES Kerala Legislative Assembly

(4) ഭവന വായ്പ (നബാർഡ്)

50,000 രൂപ വരെ	9.00 %
50,001 രൂപ മുതൽ 1 ലക്ഷം രൂപ വരെ	9.5 %
1,00,001 രൂപ മുതൽ 2 ലക്ഷം രൂപ വരെ	10 %
2 ലക്ഷം രൂപയ്ക്ക് മുകളിൽ	11 %
വീട് നവീകരിക്കുന്നതിന് .	
50,000 രൂപ വരെ	9.5 %
50,001 രൂപ മുതൽ 1 ലക്ഷം രൂപ വരെ	10 %
ക്രെഡിറ്റ് കാർഡ് പദ്ധതി	
50,000 രൂപ വരെ	9.5 %

സ്വയംസഹായ സംഘങ്ങൾക്ക് വായ്പ നൽകാൻ സഹകരണ സംഘങ്ങൾക്ക് പദ്ധതി

150 [3040] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഗവൺമെന്റിന്റെ സംഘടനകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സ്വയം സഹായ സംഘങ്ങൾക്ക് വായ്പ നൽകുന്നതിന് സഹകരണ ബാങ്കുകൾക്ക് എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ ഗ്രൂപ്പുകൾക്ക് സംഘങ്ങളിൽനിന്ന് വായ്പ നൽകുന്നതിനായി 6-9-1997-ലെ സ.ഉ.(പി.) നം. 114/97/സഹ. പ്രകാരവും കുടുംബശ്രീ പദ്ധതി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നതിനായി 13-8-2004-ലെ സ.ഉ.(പി) നം. 220/2004/സഹ. പ്രകാരവും സംഘങ്ങളെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 59 (1)-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

2/656/2012—24.

LIBRARY ARCHIVES Kerala Legislative Assembly